ശ്രീ. എ. ജെ. ജാൺ: മൂന്നു നാലു പഞ്ചായത്തുകളിൽ നിന്നും അങ്ങനെ പരാതികൾ ലഭിച്ചിട്ടുണ്ട്. അപേക്ഷിച്ചശേഷം ആ പഞ്ചായത്തുകളിൽക്കൂടി രണ്ടാമതു സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുമെന്ന് പ്രതീക്ഷിക്കുകയുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ: സഹകരണസംഘങ്ങൾ കൂടുതൽ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും റിക്കാർഡുകൾ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: എന്തെങ്കിലും റിക്കാർഡുകൾ കാണും.

ശ്രീ. എം. വി. ചെറിയാൻ: ഈ റിക്കാർഡുകൾ പരിശോധിച്ചു നോക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പരിശോധിക്കേണ്ടതായാവശ്യം ഇപ്പോൾ ഇല്ല. എന്തെന്നാൽ ആ രീതിയിലുള്ള പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണ്.

WRITTEN ANSWERS.

English as Medium of Instruction in Anglo-Indian Schools

* 28 [31] SHRI A. A. D. Luiz: Why the Central Board of Anglo-Indian Education, Travancore-Cochin has been refused sanction to adopt English as the medium of instruction?

Chief Minister (SHRI PANAMPILLI GOVINDA MENON): The Central Board of Anglo-Indian Education has been recognised only as a corporate management of Schools according to Rules. The Schools run by the Board have never been recognised as Anglo-Indian Schools in the sense in which they are claimed to be. They are recognised only as ordinary Academic Schools managed by the Anglo-Indians, and hence the medium of instruction in these schools has always been the regional language *Viz* Malayalam. However, they have been permitted to teach English outside school hours.

അദ്ധ്യാപകന്മാരുടെ ഇൻക്രിമെൻറ്.

* 29. [32] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്സ്. എസ്സ്. സ്കീം നടപ്പിലാക്കിയതിനുശേഷം എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ഇൻക്രിമെൻറ് കൊടുത്തിട്ടുണ്ടു്;

(ബി) എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ഇനിയും കൊടുക്കുവാനുണ്ടു്;

(സി) ഇതു സംബന്ധിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തുനടപടി നടത്തിയിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly